**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 7** **23-01-2025 - ൽ മറുപടിയ്ക്ക്**

**നിയമവിധേയമല്ലാതെയുള്ള അവയവദാനം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ വി ജോയി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നടന്നുവരുന്ന അവയവദാനം നീതിപൂർവ്വമാണെന്നു ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് ആക്ട്, 1994, ട്രാൻസ്പ്ലാന്റേഷൻ ഓഫ് ഹ്യൂമൻ ഓർഗൻസ് ആൻഡ് ടിഷ്യൂസ് റൂൾസ്, 2014, 19.11.2010 ലെ 14931/എസ്2/ 2009/ ആ.കു.വ നമ്പർ വിജ്ഞാപനം എന്നിവ പ്രകാരമാണ് ജീവിച്ചിരിക്കുന്നവർ തമ്മിലുള്ള അവയവമാറ്റം നടക്കുന്നത്. ബന്ധുവേതര അവയവദാനത്തിൽ, അവയവ ദാതാവും സ്വീകർത്താവും തമ്മിൽ പണമിടപാട് ഇല്ലെന്ന് ഉറപ്പുവരുത്തുവാനായി ദാതാവിന്റെയും സ്വീകർത്താവിന്റെയും കഴിഞ്ഞ 3 വർഷത്തെ ബാങ്ക് ഇടപാടുകൾ ജില്ലാതല ആതറൈസേഷൻ കമ്മിറ്റി പരിശോധിക്കാറുണ്ട്. കൂടാതെ അവയവമാറ്റത്തിൽ പണമിടപാടുകളൊന്നുമില്ലെന്നും സംയുക്ത അപേക്ഷയിൽ പറയുന്നതു പോലെയുള്ള ബന്ധം അവർ തമ്മിൽ ഉണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരി/ജനപ്രതിനിധിയിൽ നിന്നുള്ള സർട്ടിഫിക്കറ്റും പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റും കമ്മിറ്റി മുമ്പാകെ ഹാജരാക്കണം. ഇതിനു പുറമെ അവയവദാതാവിനെയും സ്വീകർത്താവിനെയും അവരുടെ അടുത്ത ബന്ധുക്കളേയും കമ്മിറ്റി നേരിൽ കേൾക്കുകയും, പണമിടപാടുകളൊന്നും തന്നെയില്ലെന്നും ജീവകാരുണ്യപരമായ കാരണങ്ങളാലാണ് അവയവദാനം എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. അവയവദാന ശസ്ത്രക്രിയയിൽ ഉൾപ്പെട്ടിരിക്കുന്ന സങ്കീർണ്ണതകളേയും, അവയവദാനത്തിനു ശേഷം പുലർത്തേണ്ട ജീവിതശൈലി എന്നിവയെക്കുറിച്ചും ദാതാവിനേയും അവരുടെ അടുത്ത ബന്ധുക്കളേയും ബോധ്യപ്പെടുത്തുന്നതാണ്. കൂടാതെ, കമ്മറ്റിയുടെ പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പ് വരുത്തുന്നതിനും |

| | | | |
|---|---|---|---|
| | | | ആവശ്യമെങ്കിൽ പുന:പരിശോധന നടത്തുന്നതിനും വേണ്ടി കമ്മിറ്റിയുടെ നടപടിക്രമങ്ങളും അഭിമുഖങ്ങളും വീഡിയോ റെക്കോഡ് ചെയ്തു സൂക്ഷിക്കുന്നു. ഇപ്രകാരം സൂക്ഷ്മ പരിശോധന നടത്തിയ ശേഷം മാത്രമാണ് കമ്മിറ്റി ശസ്ത്രക്രിയക്ക് അനുവാദം നൽകുന്നത്.<br><br>അവയവം മാറ്റിവയ്ക്കലുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ചൂഷണമോ നിയമവിരുദ്ധമായ സാമ്പത്തിക ഇടപാടുകളോ തടയുന്നതിന് ആയി 'Certificate of Altruism' നൽകുന്നതിന് മുമ്പായി ബന്ധപ്പെട്ട അധികാരികൾ ജാഗ്രതയോടെയും സമഗ്രമായും അന്വേഷണം നടത്തുന്നതിനും ദാതാവും സ്വീകർത്താവും തമ്മിലുള്ള ബന്ധത്തിന്റെ എല്ലാ വശങ്ങളും പരിശോധിക്കുന്നതിനും പോലീസ് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നിയമവിധേയമല്ലാതെ നടന്നതായി പറയപ്പെടുന്ന അവയവദാനം സംബന്ധിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിരുന്നോ; എങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ; | (ബി) | ക്രൈം ബ്രാഞ്ച് 3 കേസുകൾ രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയിരുന്നു.<br><br>1. കടയ്ക്കാവൂർ പോലീസ് സ്റ്റേഷൻ 541/2024 ആയി രജിസ്റ്റർ ചെയ്തിരുന്ന കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയും 3 പ്രതികളെയും അറസ്റ്റ് ചെയ്ത് തുടർനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>2. ക്രൈം നമ്പർ 209/CB/TSR/2020 U/s 417, 119,120(B) IPC & Sec.19(a)(b)(c) of the Transplantation of Human Organs and Tissues Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 2018-2020 കാലയളവുകളിൽ നടന്ന നിയമപ്രകാരമല്ലാത്ത അവയവദാനത്തെക്കുറിച്ച് അന്വേഷിക്കുവാൻ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി-യെ ചുമതലപ്പെടുത്തിയിരുന്നു. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് അവയവം ദാനം ചെയ്തിട്ടുള്ളവരുടേയും അവയവം സ്വീകരിച്ചിട്ടുള്ളവരുടെയും, കേരളത്തിലെ വിവിധ ആശുപത്രികൾ കേന്ദ്രീകരിച്ച് അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളുമായി ബന്ധപ്പെട്ട് എജന്റുമാരായി പ്രവർത്തിക്കുന്നവരും ഉൾപ്പടെ 170 ഓളം ആളുകളെ നേരിൽ കണ്ട് ചോദ്യം ചെയ്ത് മൊഴി രേഖപ്പെടുത്തിയിരുന്നു. കുറ്റകൃത്യങ്ങളിൽ പങ്കാളികളായ അവയവ സ്വീകർത്താക്കളും, അവയവദാതാക്കളും ഇവർക്കിടയിൽ എജന്റുമാരായി പ്രവർത്തിച്ചവർക്കുമെതിരെ നിയമനടപടികൾ |

| | | | |
|---|---|---|---|
| | | | സ്വീകരിക്കുന്നതിനായി Sec 22 പ്രകാരം പോലീസിന് നിയമപരമായ തടസ്സങ്ങൾ ഉണ്ടെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ Further Action Dropped ആയി ബഹു. ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ 29.04.2024-ൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.<br>3. കോഴിക്കോട് നടക്കാവ് പോലീസ് സ്റ്റേഷനിൽ Cr No 584/02 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറുകയും ക്രൈം ബ്രാഞ്ച് ക്രൈം നമ്പർ 431/CR/12 U/s 465, 468, 471 IPC and Sec 19 of Transplantation of Human Organs Act 1994 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണത്തിൽ 2002 ഏപ്രിൽ മാസത്തിൽ കോഴിക്കോട് മെഡിക്കൽ എഡ്യൂക്കേഷൻ ഓതറൈസേഷൻ കമ്മറ്റിയെ ചതിക്കുന്നതിനായും, അനധികൃതമായി മനുഷ്യാവയവമായ കിഡ്നി വ്യാപാരം നടത്തുന്നതിനായും, വ്യാജരേഖകൾ നിർമ്മിച്ച് യഥാർത്ഥ രേഖകളായി ഉപയോഗിച്ച് ധനലാഭത്തിനു വേണ്ടി കോഴിക്കോടുള്ള നാഷണൽ ആശുപത്രിയിൽ മോഹൻ എന്നയാളുടെ വൃക്ക മറ്റു പ്രതികളുടെ ഒത്താശയോടെ വ്യാപാരം നടത്തി എന്നാണ് കണ്ടെത്തിയത്. ഈ കേസിൽ നാലു പ്രതികൾക്കെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. ഇതിൽ മൂന്നാം പ്രതി മരണപ്പെട്ടു. നാലാം പ്രതിയെ ബഹു. കോടതി ഡിസ്ചാർജ്ജ് ചെയ്തിട്ടുണ്ട്. |
| (സി) | രാജ്യാന്തര ബന്ധങ്ങളുള്ള അവയവറാക്കറ്റിന്റെ കണ്ണികൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നതായി സൂചന ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് കർശന നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. ഇക്കാര്യത്തിൽ നെടുമ്പാശ്ശേരി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 544/2024 U/s 370, 34 IPC & 19 (a) (b) (c) of Transplantation of Human Organs and Tissues Act 1994 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിരുന്നു. ഈ കേസിൽ 4 പേർ ഉൾപ്പെട്ടതായി കണ്ടെത്തിയിരുന്നു. ഇതിൽ ഒന്നാം പ്രതി ഒഴികെ ബാക്കിയുള്ള പ്രതികളെ അറസ്റ്റ് ചെയ്തിരുന്നു. കേസിന്റെ അന്വേഷണം NIA - യ്ക്ക് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | നിയമവിധേയമായും സുതാര്യമായും അവയവദാനം സാധ്യമാക്കുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് എടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി ജില്ലാതല ഓതറൈസേഷൻ കമ്മറ്റികളെ ശാക്തീകരിക്കുന്നതിനായി അവർക്ക് ട്രെയിനിങ് നൽകുകയുണ്ടായി. ഇത് കൂടാതെ ജില്ലാതല ഓതറൈസേഷൻ കമ്മറ്റികളുടെ സുഗമമായ പ്രവർത്തനത്തിനായി കെ-സോട്ടോ ഒരു എസ്.ഒ.പി (Standard Operating Procedure) തയ്യാറാക്കി വരുന്നു. അവയവമാറ്റ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് ജില്ലാതല ആതറൈസേഷൻ കമ്മറ്റികളുടെ തീരുമാനങ്ങളിന്മേലുള്ള അപ്പീലുകൾ പരിശോധിക്കുന്നതിനായി 25.09.2024 ലെ സ.ഉ (കൈ)നം.242/2024/ആ.കു.വ പ്രകാരം വിവിധ തലത്തിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി ഒരു സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അവയവം മാറ്റിവെയ്ക്കൽ പ്രക്രിയ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി 28.08.2024 ലെ സ.ഉ (അ) നം.78/2024/ ആ.കു.വ പ്രകാരം ഒരു ഉപദേശക സമിതി രൂപീകരിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ